III ഇ.ബി. XII-കേരള നിയമസഭ/IV-13

**പന്ത്രണ്ടാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികളുടെ ചുരുക്കം**

**2007 മാർച്ച് 20, ചൊവ്വ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## I ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ഉന്നയിക്കുകയും (*301, *302 & *303) അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

## II അടിയന്തിരപ്രമേയം

ആറളം ഫാം മേഖലയിൽ നിയമവാഴ്ച തകരുകയും കശുവണ്ടിയും മറ്റ് ഉൽപ്പന്നങ്ങളും ഒരുപറ്റം ആളുകൾ കൊള്ളയടിക്കുകയും ആദിവാസികളെ ഭീഷണിപ്പെടുത്തുകയും ചെയ്ത ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ.കെ. സുധാകരനും മറ്റ് നാലംഗങ്ങളും നൽകിയ അടിയന്തിര പ്രമേയത്തിന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചു. അതിൽ

പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി, ശ്രീ. കെ. എം. മാണി, ശ്രീ. സി.ടി. അഹമ്മദ് അലി എന്നിവർ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടിയിൽപ്പെട്ട അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തു പോവുകയും അൽപസമയത്തിനുള്ളിൽ തിരിച്ചുവരികയും ചെയ്തു.

**III ശ്രദ്ധ ക്ഷണിക്കൽ**

(1) സംസ്ഥാനത്തെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള എൻട്രൻസ് പരീക്ഷ ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. എ.പി. അനിൽകുമാർ വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകുകയും ചെയ്തു.

(2) ഇടുക്കി ജില്ലയിലെ കാർഡമം ഹിൽ റിസർവ്വ് ഭൂമി സംബന്ധിച്ച കേസ്സിൽ സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ ഫയൽ ചെയ്യേണ്ട സത്യവാങ്മൂലത്തെക്കുറിച്ച് കർഷകർക്കിടയിൽ ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന ആശങ്ക ദൂരീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. കെ.കെ. ജയചന്ദ്രൻ റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

**IV സബ്മിഷൻ**

(1) ബാംഗ്ളൂർ ചൈതന്യ നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. റോഷി അഗസ്റ്റിൻ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) തിരുവനന്തപുരത്തെ രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി കേന്ദ്ര സർക്കാരിന് കൈമാറാൻ വൈകുന്നതുമുലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(3) വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. കെ. രാജു ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(4) തിരുവനന്തപുരത്തെ അഞ്ചുചങ്ങല പ്രദേശത്ത് കൈവശ ഭൂമിക്ക് പട്ടയം നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. വി.ജെ. തങ്കപ്പൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(5) പാലാ ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ശ്രീ. കെ.എം. മാണി ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) കോഴിക്കോട് ഗവൺമെന്റ് ലെപ്രസി ആശുപത്രിയുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ശ്രീ. പി.എം.എ. സലാം ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) പിടിച്ചെടുക്കുന്ന വാഹനങ്ങൾ കോടതി സമുച്ചയങ്ങളിലും മറ്റും വർഷങ്ങളായി സൂക്ഷിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ.ആനത്തലവട്ടം ആനന്ദൻ ഉന്നയിച്ച സബ്മിഷന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി.

(8) കെ.എസ്. ആന്റ് എസ്.എസ്.ആർ.-ലെ വ്യവസ്ഥകൾക്ക് വിധേയമായി മുൻസിഫ്-മജിസ്ട്രേറ്റ് നിയമനത്തിനുള്ള അപേക്ഷ ക്ഷണിക്കേണ്ടത് സംബന്ധിച്ച് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(9) 2007-2008-ലെ ബഡ്ജറ്റിൽ നൂറനാട് സബ്ട്രഷറിയെ ഒഴിവാക്കിയത് സംബന്ധിച്ച് ശ്രീ. കെ.കെ. ഷാജു ഉന്നയിച്ച സബ്മിഷന് ധനകാര്യ വകുപ്പുമന്ത്രി മറുപടി നൽകി.

(10) കോട്ടയം പാമ്പാടി ആർ.ഐ.ടി. എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റലിൽ ബോംബ് സ്ഫോടനം ഉണ്ടായത് സംബന്ധിച്ച് ശ്രീ. പി.സി. വിഷ്ണുനാഥ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(11) എടക്കാട്ടെ ഓടക്കടവ്, വാരംകടവ് പാലങ്ങൾ ഗതാഗത യോഗ്യമാക്കേണ്ടത് സംബന്ധിച്ച് ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(12) ആലപ്പുഴ മെഡിക്കൽ കോളേജിലെ ചികിത്സാ സൗകര്യങ്ങൾ പൂർണ്ണമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. എ.എം. ആരിഫ് ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(13) മലബാർ സിമന്റ്സിൽ നടന്ന ക്രമക്കേടുകൾ സംബന്ധിച്ച് ശ്രീ.കെ. കെ. ദിവാകരൻ ഉന്നയിച്ച സബ്മിഷന് വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകി.

(14) കൊട്ടാരക്കര ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന്റെ അഫിലിയേഷൻ സംബന്ധിച്ച് ശ്രീമതി പി. അയിഷാ പോറ്റി ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കു വേണ്ടി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി മറുപടി നൽകി.

(15) 19–3–2007–ലെ സുപ്രീം കോടതി വിധിമൂലം തൃശ്ശൂർപൂരമടക്കമുള്ള ഉൽസവങ്ങൾ നടത്താൻ കഴിയാത്ത സാഹചര്യം സംബന്ധിച്ച് ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ ഉന്നയിച്ച സബ്മിഷന് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറുപടി നൽകി.

## V മേശപ്പുറത്തുവച്ച കടലാസ്സ്

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കേരള ഗവൺമെന്റിനെ സംബന്ധിച്ച 2006 മാർച്ച് 31–ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് (സിവിൽ–വാല്യം II) മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

(1) 2006-ലെ കേരള മൽസ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമസെസ്സ് ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) ഹർജികൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(3) രണ്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2006 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(4) മൂന്നാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2006 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(5) അഞ്ചാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2006 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(6) ആറാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2006 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(7) എട്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2006 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(8) ഒൻപതാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ 2006 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII അറിയിപ്പ്

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കേരള ഗവൺമെന്റിനെ സംബന്ധിച്ച 2006 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റിപ്പോർട്ട് (സിവിൽ-വാല്യം II) അംഗങ്ങൾക്ക് നിയമസഭാ ഹോസ്റ്റലിൽ

അവരവരുടെ മുറികളിൽ എത്തിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## VIII ക്രമപ്രശ്നം

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുമുമ്പ് അതിലെ പരാമർശങ്ങൾ ബഡ്ജറ്റ് പ്രസംഗത്തിലും സഭയ്ക്ക് പുറത്ത് വാർത്താസമ്മേളനത്തിലും ധനകാര്യവകുപ്പുമന്ത്രി ക്വോട്ട് ചെയ്തത് ചട്ടവിരുദ്ധമാണെന്ന് ശ്രീ. കെ.സി. വേണുഗോപാൽ ക്രമപ്രശ്നം ഉന്നയിച്ചു.

ബഡ്ജറ്റ് പ്രസംഗത്തിൽത്തന്നെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ടിനെ സംബന്ധിച്ച പരാമർശമുണ്ടെന്നും ആ റിപ്പോർട്ടിൽനിന്ന് ക്വോട്ട് ചെയ്ത് സഭയ്ക്ക് പുറത്ത് സംസാരിച്ചിട്ടില്ലെന്നും ധനകാര്യ വകുപ്പുമന്ത്രി അറിയിച്ചു.

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതുവരെ കോൺഫിഡൻഷ്യൽ ആണെന്നും നിയമസഭയിൽ വയ്ക്കുന്നതിനുമുമ്പ് ബഡ്ജറ്റ് പ്രസംഗത്തിൽ അത് വായിക്കുന്നത് ചട്ടവിരുദ്ധമാണെന്നും ശ്രീ. കെ.എം. മാണി ചൂണ്ടിക്കാണിച്ചു.

ഇക്കാര്യം പരിശോധിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

## IX **നിയമനിർമ്മാണകാര്യം**

### (1) ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (i) 2007–ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ

2007–ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബില്ലും പ്രസ്തുത ബിൽ VII–ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും തൊഴിലും എക്സൈസും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ച് സംസാരിക്കുകയും ചെയ്തു.

പ്രമേയത്തെ ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി പിന്താങ്ങി.

ശ്രീ. കെ.എം. മാണി 2007–ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുകയും നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും വകുപ്പുമന്ത്രി മറുപടി പറയുകയും ചെയ്തു.

ശ്രീ. പി.ജയരാജൻ 2007–ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30–4–2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ടും ശ്രീ. വി.ജെ. തങ്കപ്പൻ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ടും സംസാരിച്ചു.

സർവ്വശ്രീ. കെ.സി. വേണുഗോപാലും കെ.കുട്ടി അഹമ്മദ് കുട്ടിയും ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം. നിരാകരണ പ്രമേയവും ഭേദഗതികളും നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2007–ലെ കേരള കൈത്തറിത്തൊഴിലാളി ക്ഷേമ സെസ്സ് ബിൽ VII –ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(ii) <u>2007–ലെ കേരള പബ്ളിക് അക്കൗണ്ടന്റ്സ് (അമെന്റ്മെന്റ്) ബിൽ</u>

2007–ലെ കേരള പബ്ളിക് അക്കൗണ്ടന്റ്സ് (അമെന്റ്മെന്റ്) ബില്ലും പ്രസ്തുത ബിൽ II –ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയവും റവന്യൂ വകുപ്പുമന്ത്രി അവതരിപ്പിക്കുകയും ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യങ്ങൾ വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ച് സംസാരിക്കുകയും ചെയ്തു.

പ്രമേയത്തെ കൃഷിവകുപ്പുമന്ത്രി പിന്താങ്ങി

ശ്രീ. എം.മുരളി 2007–ലെ കേരള പബ്ളിക് അക്കൗണ്ടന്റ്സ് (അമെന്റ്മെന്റ്) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 3–12–2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ടും ശ്രീമതി പി. അയിഷാ പോറ്റി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ

പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ടും സംസാരിച്ചു.

സർവ്വശ്രീ. വി.ഡി. സതീശൻ, ബി.ഡി. ദേവസ്സി, കെ. രാജു എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

റവന്യൂ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

2007–ലെ കേരള പബ്ളിക് അക്കൗണ്ടന്റ്സ് (അമെന്റ്മെന്റ്) ബിൽ II –ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

**(2) 2007–ല കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും**

2007–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലും പ്രസ്തുത ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങി.

സർവ്വശ്രീ അബ്ദുറഹിമാൻ രണ്ടത്താണി, കെ.സി. രാജഗോപാലൻ, തോമസ് ഉണ്ണിയാടൻ, രാജാജി മാത്യു തോമസ്, എം.കെ. പ്രേംനാഥ്,.

അൽഫോൺസ് കണ്ണന്താനം, എം.എം. മോനായി, കെ. ബാബു എന്നീ അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം 2007–ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ **24–നെതിരെ 77** വോട്ടുകളോടെ സഭ പാസ്സാക്കി.

2007 മാർച്ച് 21–ാം തീയതി ബുധനാഴ്ച രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം **4.12** –ന് പിരിഞ്ഞു.